# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**First Semester Career Related B.A. Degree Examination, November 2014**

**First Degree Programme under CBCSS**

**Complementary Course: Malayalam – I**

**(for Journalism Mass Communication and Video Production)**

**AUML131: Sargathmaka Rachana: Thathwavum Aavishkaravum**

Time : **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. ആരുടെ കൃതിയാണ് 'കാവ്യസ്വരൂപം' ?
2. ടോൾസ്റ്റോയിയുടെ അഭിപ്രായത്തിൽ കലയുടെ മുഖ്യപ്രയോജനമെന്താണ് ?
3. സി.ജെ.തോമസ് രചിച്ച നാടകസംബന്ധിയായ പഠനഗ്രന്ഥം ?
4. കവിതയെ വേർഡ്സ്‌വർത്ത് നിർവചിച്ചതെങ്ങനെ ?
5. മലയാളത്തിലെ ആദ്യത്തെ ശബ്ദചലച്ചിത്രം ഏത് ?
6. 'കഥാന്തരങ്ങൾ' എന്ന നിരൂപണഗ്രന്ഥത്തിന്റെ കർത്താവ് ?
7. പ്രാഥമികഭാവനയെക്കുറിച്ച് കോൾറിഡ്ജിന്റെ വീക്ഷണമെന്താണ് ?
8. 'സാഹിത്യവിദ്യയുടെ ലക്ഷ്യം ജ്ഞാനലബ്ധിയാണ്, മനഃസംസ്കാരമാണ്' എന്നു സിദ്ധാന്തിച്ച കേരളീയനായ വിമർശകൻ ആര് ?
9. സ്വദേശാഭിമാനിരാമകൃഷ്ണപിള്ള ആത്മകഥാരൂപത്തിൽ രചിച്ച വിശ്രുതഗ്രന്ഥം ഏത് ?
10. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയനാടകം ഏത് ?

**(10 x 1 = 10 Marks)**

P.T.O.

## SECTION – B

*ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. അഭിമുഖസംഭാഷണങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം ?
12. ഡയറിക്കുറിപ്പുകളെ സർഗാത്മകസാഹിത്യമായി ഗണിക്കേണ്ടതുണ്ടോ ?
13. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.
14. സൈബർലോകത്തിന്റെ സ്വാധീനത മലയാളകഥാലോകത്ത് എന്തൊക്കെ ചലനങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത് ?
15. 'വിജ്ഞാനസാഹിത്യം' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
16. കാവ്യഹേതുക്കൾ എന്തെന്ന് പരിചയപ്പെടുത്തുക.
17. പഞ്ചസന്ധികൾ എന്തെന്ന് വിശദമാക്കുക.
18. സഹൃദയസങ്കല്പത്തെകുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
19. മലയാളത്തിലെ പ്രമുഖനായ ഒരു നോവലിസ്റ്റിനെ പരിചയപ്പെടുത്തുക.
20. നോവലിന്റെയും ഇതരസാഹിത്യരൂപങ്ങളുടെയും ആഖ്യാനശൈലികളിൽ പ്രകടമാവുന്ന മൗലികവ്യത്യാസങ്ങളെന്തെല്ലാം ?
21. നിങ്ങളെ ഏറ്റവുമധികം പ്രചോദിപ്പിച്ച ആത്മകഥ ഏതാണ് ? എന്തൊക്കെയാണ് അതിന്റെ സവിശേഷതകൾ ?
22. സർഗാത്മകതയെ ഉദ്ദീപിപ്പിക്കുവാനും വളർത്തുവാനും പരിശീലനവും അഭ്യാസവും സഹായകരമാണോ ?

**(8 x 2 = 16 Marks)**

## SECTION – C

***120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. എം.ടി.യുടെ 'കാഥികന്റെ പണിപ്പുര'യിൽ സർഗാത്മകതയെ സംബന്ധിച്ചുള്ള കാല്പനികവീക്ഷണങ്ങളാണ് പ്രകടമാവുന്നത്' – വിശദമാക്കുക.
24. നിങ്ങൾക്ക് ഏറെ പ്രിയപ്പെട്ട ഒരു കവിതയുടെ ആഖ്യാനശൈലി പരിചയപ്പെടുത്തുക.
25. ഫീച്ചറും വാർത്തയും തമ്മിലുള്ള അടിസ്ഥാനവ്യത്യാസങ്ങളെന്തെല്ലാം ?

26. ആധുനികാനന്തരമലയാളകവിത മുന്നോട്ടുവെക്കുന്ന സാംസ്കാരികനിലപാടുകൾ വിശദമാക്കുക.
27. നാടകം എന്ന കലാരൂപത്തെ ഇതരകലാരൂപങ്ങളിൽനിന്നും വേർതിരിച്ചു നിർത്തുന്ന ഘടകങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുക.
28. പശ്ചിമഘട്ടത്തിന്റെ ജൈവപ്രാധാന്യത്തെ വ്യക്തമാക്കുന്ന ഒരു ഫീച്ചർ തയ്യാറാക്കുക.
29. സർഗാത്മകരചനാസന്ദർഭത്തിൽ ഔചിത്യത്തിനും ഭാഷാശുദ്ധിക്കുമുള്ള പ്രാധാന്യമെന്താണെന്ന് നിർണയിക്കുക.
30. കവിപ്രതിഭയും വിമർശനപ്രതിഭയും എങ്ങനെ വ്യത്യസ്തമാവുന്നുവെന്ന് വ്യക്തമാക്കുക.
31. കേരളീയസമൂഹത്തിൽ സമീപകാലത്ത് ശക്തിപ്പെടുന്ന, സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ വിമർശിച്ചുകൊണ്ട് ഒരു കഥ രചിക്കുക.

**(6 x 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു പ്രദേശത്തേക്ക് നിങ്ങൾ നടത്തിയ പഠനയാത്രയുടെ വിവരണം തയ്യാറാക്കുക.
33. മാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുന്ന ഒരു പറമ്പ് – ആർത്തിരമ്പുന്ന കാക്കക്കൂട്ടങ്ങൾ – ലോറികളുടെ നീണ്ടനിരകൾ നമ്മുടെ നഗരപ്രാന്തങ്ങളിലെ ഈ സ്ഥിരം കാഴ്ചകളെ മുൻനിർത്തി ലഘുചിത്രീകരണം തയ്യാറാക്കുക.
34. ദൃശ്യമാധ്യമസംസ്കാരം സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത വിമർശനാത്മകമായി അവതരിപ്പിക്കുന്ന ലഘുനാടകം രചിക്കുക.
35. സർഗാത്മകത, പരിസ്ഥിതി, വികസനം എന്നിവയെ മുൻനിർത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

**(2 x 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*